LIBRARY ARCHIVES Kerala Legislative Assembly

(12) മഹിളാ സ്വസ്ത് സംഘം പ്രവർത്തകരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച്

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കേരളത്തിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ, വിവിധ പദ്ധതികൾ വിജയിപ്പിക്കുന്നതിനുവേണ്ടി, ഒരു ലക്ഷത്തോളം വരുന്ന നിർദ്ധനരായിട്ടുള്ള കുടുംബങ്ങളിൽപ്പെട്ട സ്ത്രീകൾ കഴിഞ്ഞ കുറെ വർഷങ്ങളായി ഒരു ചില്ലിക്കാശുപോലും ഗവൺമെന്റിൽനിന്നും ലഭിക്കാതെ സേവനം ചെയ്യുകയാണ്. മഹിളാ സ്വസ്ത് സംഘം എന്ന വിഭാഗത്തിൽപ്പെട്ട, ഒരു ലക്ഷത്തോളം വരുന്ന ഈ സഹോദരിമാർ നിശ്ശബ്ദരായി സമൂഹത്തിനുവേണ്ടി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടുവർഷംമുമ്പ് ഇതേ സഭയിൽ വച്ച് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി നൂറു രൂപ വീതം കൃത്യമായി ഇവർക്ക് മാസംതോറും ഓണറേറിയം കൊടുക്കുമെന്ന് വാക്കു തന്നിരുന്നു. ഇതുവരെ ഒരു നയാപൈസപോലും അവർക്ക് കൊടുക്കാനുള്ള നടപടി സ്വീകരിച്ചില്ല. എല്ലാ കാര്യങ്ങളിലുമെന്നതുപോലെ ഇക്കാര്യവും കുറുപ്പിന്റെ ഉറപ്പ് എന്നു പറഞ്ഞതുപോലെയായി. ഇതിനൊരു പരിഹാരം കാണണം. ഇതു വളരെ സീരിയസ്സായിട്ടുള്ള ഒരു വിഷയമാണ്. കണ്ണൂർ ജില്ലയിൽ മാത്രം എണ്ണായിരത്തിലധികം സ്ത്രീകൾ ഈ രംഗത്ത് കഠിനാദ്ധ്വാനം ചെയ്യുന്നുണ്ട്. അവരെ പരിഗണിക്കുകയെങ്കിലും ചെയ്യണ്ടേ? ആരോഗ്യവകുപ്പ് കോടിക്കണക്കിനു രൂപ ബോധവൽക്കരണത്തിനും പ്രചാരണത്തിനുമായി ചെലവഴിക്കുന്നുണ്ട്. അതിൽനിന്നും ഒരു തുക, ആരോഗ്യ രംഗത്തു സേവനം ചെയ്യുന്ന, വീടുവീടാന്തരം കയറിയിറങ്ങുന്ന സഹോദരിമാർക്ക് മാസംതോറും 500 രൂപയെങ്കിലും കൊടുക്കാനുള്ള നടപടി സ്വീകരിക്കാനുള്ള സൻമനസ്സ് ബഹുമാനപ്പെട്ട മന്ത്രിക്ക് ഉണ്ടാകുമോ? ഈ ഓണക്കാലത്തുതന്നെ എല്ലാ സഹോദരിമാർക്കും അതു നൽകണം. ആരെയും ഒഴിവാക്കാൻ പാടില്ല. അപൂർവ്വം ചിലർക്ക് കൊടുക്കുമെന്നും മറ്റുള്ളവർക്ക് കൊടുക്കണ്ട എന്നുമുള്ള രീതിയിൽ ചില ആലോചനകൾ നടക്കുന്നു എന്നു കേട്ടിരുന്നു. അതു ശരിയാണോ എന്ന് എനിക്കറിയില്ല. പക്ഷേ ഇക്കാര്യത്തിൽ കോൺക്രീറ്റായിട്ടുള്ള ഒരു തീരുമാനം, കഴിഞ്ഞ രണ്ടുവർഷങ്ങൾക്കു മുമ്പ് ഈ സഭയിൽ പറഞ്ഞിട്ടുള്ള കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ അങ്ങേക്കു കഴിയണം. അവരെ സഹായിക്കണം, അവരെ പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടു അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):* സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. മഹിളാ സ്വസ്ത് സംഘത്തിൽ പ്രവർത്തിക്കുന്ന സഹോദരിമാർ വളരെയധികം പരിഗണനയർഹിക്കുന്നവരാണ്. ഇതുകണക്കാക്കിക്കൊണ്ടുതന്നെ പല ഭാഗങ്ങളിൽ നിന്നും പല നിവേദനങ്ങളും കിട്ടിയിട്ടുണ്ട്. 15-12-2003-ലെ ഉത്തരവുപ്രകാരം 7594 മഹിളാ സ്വസ്ത് സംഘ് പ്രവർത്തകർക്ക് ആളൊന്നിന് 200 രൂപ വീതം ഉൽസവബത്ത നൽകിയിട്ടുണ്ട്. അതുപോലെ ഉൽസവബത്ത ആനുകൂല്യം എല്ലാ

എം.എസ്.എസ്. പ്രവർത്തകർക്കും ലഭിച്ചിട്ടില്ലെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാമെഡിക്കൽ ഓഫീസർമാരിൽനിന്നും ആരോഗ്യ ഡയറക്ടറിൽനിന്നും വീണ്ടും റിപ്പോർട്ട് ആവശ്യപ്പെടുകയും റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുപ്രകാരം ഇനിയും 30,492 പേർകൂടി എം.എസ്.എസ്. പ്രവർത്തകരായിട്ടുണ്ട്. അവർക്ക് ഉൽസവബത്ത നൽകുന്നതിന് 60,98,400 രൂപ വേണ്ടിവരും. അത് സർക്കാരിന്റെ പരിഗണനയിലാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെയേറെ പരിഗണനയർഹിക്കുന്ന ഒരു വിഭാഗമാണ് ഇവർ. ഇവർക്ക് പ്രതിമാസം 500 രൂപ കൊടുക്കണമെന്നുള്ളതാണ് മെമ്പറുടെ നിർദ്ദേശം. ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി വളരെ മോശമായിട്ടുള്ള സാഹചര്യത്തിൽ ഇത് പെട്ടെന്ന് പരിഹരിക്കാൻ കഴിയില്ല. ഏതായാലും അത് ഗൗരവമായി പരിശോധിക്കുന്നതാണ്.

(13) സംസ്ഥാന സ്കൂൾ കായികമേളയിൽ വിവിധസ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് നൽകിവരുന്ന ക്യാഷ് അവാർഡ് വർദ്ധിപ്പിച്ചു നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ജെ. പൗലോസ്: സർ, ദേശീയ തലത്തിൽ കായിക പ്രതിഭകളെ സംഭാവന ചെയ്യുന്നതിൽ നമ്മുടെ സംസ്ഥാനം വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് വളരെ വലുതാണെന്നുള്ളകാര്യം നമുക്കെല്ലാപേർക്കും അറിയാം. കായികപരിശീലനം കൊടുക്കുന്നതിനും സംസ്ഥാനാടിസ്ഥാനത്തിലുള്ള മൽസരങ്ങളിൽ കുട്ടികളെ വിജയികളാക്കുന്നതിനും നമ്മുടെ സ്കൂളുകൾ വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് വളരെ വലുതാണ്. മെച്ചപ്പെട്ട പല സൗജന്യങ്ങളും അവർക്ക് കൊടുക്കുന്നുണ്ട്. സൗജന്യ താമസസൗകര്യം, നല്ല വിദ്യാഭ്യാസം, നല്ല ഭക്ഷണം, നല്ല മരുന്ന്, നല്ല പരിശീലനം ഇതെല്ലാം കൊടുത്ത് അവരെ മൽസരങ്ങളിൽ പങ്കെടുപ്പിക്കാൻവേണ്ടി പ്രാപ്തരാക്കി അവരെ സമ്മാനാർഹരാക്കിക്കൊണ്ടാണ് പല സ്കൂളുകളും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നത്. കഴിഞ്ഞ വർഷം നമ്മുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള മൽസരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ വാങ്ങിയത് കോതമംഗലത്തെ രണ്ട് സ്കൂളുകളാണ്. ഒന്ന് സെന്റ് ജോർജ്ജ് ഹൈസ്കൂൾ, രണ്ട് മാർഗ്രിഗോറിയസ് ഹൈസ്കൂൾ. ആ സ്കൂളുകൾ, ശരാശരി പത്ത് ലക്ഷത്തോളം രൂപ, മാനേജുമെന്റുകളിൽനിന്നും നാട്ടുകാരിൽനിന്നുമൊക്കെ പിരിച്ചെടുത്ത കാശുകൊണ്ടാണ് സ്പോർട്സിന് പ്രാമുഖ്യം കൊടുത്ത് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. നമുക്ക് സ്കൂളുകളെ മറ്റ് തരത്തിൽ സഹായിക്കാൻ കഴിയില്ലെന്നറിയാം. പക്ഷേ, ഇതിനുള്ള ഉത്തരവാദിത്വവും ചെലവുമെല്ലാം വഹിച്ച് നമ്മുടെ സംസ്ഥാനത്തുള്ള കായികതാരങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly